പതിമൂന്നാം കേരളനിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1496 — 21.03.2012 ൽ മറുപടിക്ക്

<u>മുനിയറകളെ സംരക്ഷിക്കാൻ നടപടി</u>

ചോദ്യം
ശ്രീ. കെ. അജിത്

മറുപടി
ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുനിയറകളെക്കുറിച്ച് പുരാവസ്തു വകുപ്പ് കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തുടനീളമുള്ള മുനിയറകളെക്കുറിച്ച് കൃത്യമായ കണക്ക് പുരാവസ്തു വകുപ്പ് ശേഖരിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിൽ വനം വകുപ്പിന്റെ കോടശ്ശേരി റേഞ്ചിൽ 51 ഉം മക്കാട് ഫോറസ്റ്റ് റേഞ്ചിൽ 11 ഉം മുനിയറകൾ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) | മുനിയറകൾ സംരക്ഷിക്കാൻ വനം വകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ ; | (ബി) | നിലവിൽ പുരാവസ്തു വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന വനം മേഖലയിലുള്ള മുനിയറകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പുമായി സഹകരിക്കുന്നതിന് പുരാവസ്തു വകുപ്പ് തയ്യാറാണ് |
| (സി) | മുനിയറകൾ ഒരു പുരാതന സ്മാരകമാണെന്ന് പുരാവസ്തു വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; | (സി) | വിലയിരുത്തിയിട്ടുണ്ട്.മുനിയറകളുടെ പ്രാധാന്യം കണക്കിലെടുത്ത് പുരാവസ്തു വകുപ്പ് സംരക്ഷിച്ച് വരുന്നു. |
| (ഡി) | മുനിയറകൾപോലെ വനഭാഗങ്ങളിൽ സംരക്ഷിക്കപ്പെടേണ്ട പുരാതന സ്മാരകങ്ങൾ ഏതെങ്കിലും ഉള്ളതായി പുരാവസ്തുവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ? | (ഡി) | ഉണ്ട്.വനമേഖലകളിൽ ശവക്കല്ലറകൾ (dolmen) പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ